# STD - VII

## അദ്ധ്യാപക സഹായി

## പാഠം - ആറ് ദൈവരാജ്യം ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവവും പ്രപഞ്ചവും സഹോദരങ്ങളും ഒത്തുചേരുന്ന അനുഭവമാണ് ദൈവരാജ്യ അനുഭവം. ദൈവരാജ്യ അനുഭവം ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. നമ്മുടെ കുടുംബം പരസ്പര സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും വേദിയാക്കണം. ദൈവ പിതാവിന്റെ മക്കളായ നാം പരസ്പരം സ്നേഹത്തിലും സാഹോദര്യത്തിലും ഐക്യ ത്തിലും ജീവിക്കണം.

### പഠനസഹായികൾ

* വിവിധ രാജ്യങ്ങളുടെ ഭൂപടങ്ങൾ
* രാജ്യങ്ങളുടെ പ്രത്യേകതകൾ (അറബ്, ലാറ്റിൻ അമേരിക്ക....)
* ചാർട്ട് - ഭരണവ്യത്യാസങ്ങൾ (ഏകാധിപത്യം, ജനാധിപത്യം...)
* വചനം - ഉത്പ. 12:1-4, പുറ. 24:7, 8, മർക്കോ. 1:14-15

### പാഠത്തിന്റെ ഉള്ളടക്കം

* യേശുവിന്റെ പ്രബോധനങ്ങളുടെ അന്തസത്തയാണ് ദൈവരാജ്യം
* ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. നമ്മുടെ ഭരണഘടനയ്ക്ക് അനുസൃതമായി ഒരു നിയമവ്യവസ്ഥ നമുക്കുണ്ട്. ജനങ്ങൾ എല്ലാ മേഖലയിലും തുല്യതയിലും സ്വാത ന്ത്ര്യത്തിലും ജീവിക്കാൻ വേണ്ടിയാണ് ഈ നിയമവ്യവസ്ഥ.
* ആർഷഭാരത സംസ്ക്കാരത്തിലെ വസുധൈവ കുടുംബകം എന്ന ദർശനത്തിൽ നിന്നാണ് തുല്യതയും സ്വാതന്ത്ര്യവും രൂപപ്പെടുന്നത്.
* പ്രാദേശികതലത്തിൽ കേരളത്തിൽ ആഘോഷിക്കുന്ന ഓണം മാനുഷരെല്ലാം ഒന്നായി കഴിയേണ്ടതാണെന്ന സന്ദേശം നൽകുന്നു.
* ദൈവവും പ്രപഞ്ചവും സഹോദരങ്ങളും ഒത്തുചേരുന്ന അനുഭവമാണ് ദൈവരാജ്യ അനുഭവം.
* ദൈവപിതാവിന്റെ മക്കളായ നാം പരസ്പരം സ്നേഹത്തിലും ഐക്യത്തിലും ജീവി ക്കണം.
* കുടുംബമാണ് ദൈവരാജ്യ അനുഭവത്തിന്റെ പ്രഥമവേദി.

* തനിക്കുവേണ്ടി മനുഷ്യനെ സൃഷ്ടിച്ച ദൈവം മറ്റെല്ലാം സൃഷ്ടിച്ചത് മനുഷ്യനുവേണ്ടിയാണ്.
* ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തുകൊണ്ട് അമൂല്യമായ ആത്മാവിനെ സ്വർഗപ്രാപ്തമാക്കുകയാണ് മനുഷ്യന്റെ കടമ.
* സഹോദര സ്നേഹത്തിലൂടെയും സേവനത്തിലൂടെയുമാണ് മനുഷ്യൻ ദൈവ സ്നേഹം പ്രകടമാക്കേണ്ടത്.
* പ്രപഞ്ചസൃഷ്ടികളെല്ലാം എല്ലാവർക്കുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ പരസ്പരം പങ്കുവെക്കാൻ കഴിയണം.

# STD - VII

## അദ്ധ്യാപക സഹായി

**പാഠം - ആറ്          ദൈവരാജ്യം          ഭാഗം - രണ്ട്**

**ലക്ഷ്യം**

ദൈവവും പ്രപഞ്ചവും സഹോദരങ്ങളും ഒത്തുചേരുന്ന അനുഭവമാണ് ദൈവരാജ്യ അനുഭവം. ദൈവരാജ്യ അനുഭവം ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. നമ്മുടെ കുടുംബം പരസ്പര സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും വേദിയാക്കണം. ദൈവ പിതാവിന്റെ മക്കളായ നാം പരസ്പരം സ്നേഹത്തിലും സാഹോദര്യത്തിലും ഐക്യ ത്തിലും ജീവിക്കണം.

**പഠനസഹായികൾ**

* വിവിധ രാജ്യങ്ങളുടെ ഭൂപടങ്ങൾ
* രാജ്യങ്ങളുടെ പ്രത്യേകതകൾ (അറബ്, ലാറ്റിൻ അമേരിക്ക....)
* ചാർട്ട് - ഭരണവ്യത്യാസങ്ങൾ (ഏകാധിപത്യം, ജനാധിപത്യം...)
* വചനം - ഉത്പ. 12:1-4, പുറ. 24:7, 8, മർക്കോ. 1:14-15

**പാഠത്തിന്റെ ഉള്ളടക്കം**

* പഴയനിയമത്തിൽ അബ്രഹാത്തിലൂടെ ദൈവം തനിക്കായി ഒരു ജനത്തെ ഒരുക്കുന്നു.
* അവർക്ക് തന്റെ നിയമങ്ങളും ചട്ടങ്ങളും നൽകിക്കൊണ്ട് ദൈവസ്നേഹത്തിൽ ജീവിക്കാൻ അവസരമൊരുക്കി.
* കാലങ്ങൾ കഴിഞ്ഞപ്പോൾ സ്വാർത്ഥത നിറഞ്ഞ മനുഷ്യൻ ദൈവകല്പനകൾ ലംഘിച്ചു.
* ദൈവത്താൽ നയിക്കപ്പെടുന്ന അവസ്ഥയിൽ നിന്നും അകന്ന ദൈവജനത്തെ പ്രവാചകൻമാരിലൂടെ ദൈവം തിരികെ വിളിച്ചെങ്കിലും ഹൃദയകാഠിന്യവും വിശ്വാസരാഹിത്യവും മൂലം അവർ അനുസരിച്ചില്ല.
* ദാവീദിന്റെ 15-ാം സങ്കീർത്തനത്തിൽ ദൈവഹിതത്തിന് കീഴ്പ്പെടുന്നവൻ എങ്ങനെ ജീവിക്കുമെന്ന് വിവരിക്കുന്നു.
* തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ ഉപേക്ഷിക്കാൻ ദൈവത്തിന് മനസുവന്നില്ല.
* തന്റെ ഏകപുത്രനെ നൽകാൻ ദൈവം ലോകത്തേയും മനുഷ്യകുലത്തേയും സ്നേഹിച്ചു.

* യേശു ദൈവരാജ്യത്തിന്റെ സന്ദേശവുമായി ലോകത്തിലേക്ക് വന്നു.
* ഉച്ചനീചത്വങ്ങളില്ലാത്ത എല്ലാവരും സഹോദരതുല്യം ജീവിക്കുന്ന സമൂഹസൃഷ്ടിക്കായി, ദൈവരാജ്യത്തിനായി അവിടുന്ന് ആഹ്വാനം ചെയ്തു.
* അന്നന്നുവേണ്ട ആഹാരം അന്നന്നു ലഭിക്കുന്ന കർമ്മപദ്ധതിയാണ് ഈശോ നൽകിയത്.
* സമാധാനവും പരിശുദ്ധാത്മാ ചൈതന്യവും നിറയുന്ന ദൈവരാജ്യം സംജാതമാക്കാൻ കാൽവരിയിൽ അവിടുന്ന് സ്വയം ബലിയായിത്തീർന്നു.
* ദൈവത്താൽ നയിക്കപ്പെടുന്ന അവസ്ഥ.
* ദൈവേഷ്ടത്തിന് എല്ലാ വ്യവസ്ഥിതികളേയം പൂർണ്ണമായി സമർപ്പിക്കുന്ന അവസ്ഥയിൽ ദൈവരാജ്യം സംജാതമാകുന്നു. ദൈവരാജ്യ പൂർണ്ണത യുഗാന്തത്തിൽ കൈവരിക്കുന്നു.
* പുണ്യജീവിതത്തിലൂടെ ദൈവരാജ്യത്തിൽ ജീവിക്കാം.
* വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവിക പുണ്യങ്ങളാണ് ക്രിസ്തീയ ധാർമ്മികതയുടെ അടിസ്ഥാനം. ഇവ ദൈവം നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്.
* മൗലിക പുണ്യങ്ങളായ വിവേകം, നീതി, ആത്മശക്തി, മിതത്വം എന്നിവ ജീവിതത്തിൽ പാലിച്ചുകൊണ്ട്, മാനുഷിക സുകൃതങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ മക്കളായി ജീവിക്കാം.
* ദൈവം ഭരിക്കുന്ന അവസ്ഥയാണ് ദൈവരാജ്യം.
* മത്തായി സുവിശേഷകൻ സ്വർഗ്ഗരാജ്യം എന്നും വിശേഷിപ്പിക്കുന്നു.
* ദൈവരാജ്യത്തിന് ഹീബ്രുവിൽ 'മൽക്കുത്ത് യാഹ്‌വേ' ഗ്രീക്കിൽ 'ബസിലേയ തു തെവു' എന്ന് വിശേഷിപ്പിക്കുന്നു.
* സുവിശേഷം വിശദീകരിക്കപ്പെടുക ദൈവരാജ്യം എന്ന ആശയത്തിലാണ്.
* യേശുവിന്റെ സാന്നിദ്ധ്യമാണ് ദൈവം ഭരിക്കുന്നു എന്നതിന്റെ തെളിവ് 'ഇമ്മാനുവേൽ' ദൈവം നമ്മോടുകൂടെ.
* ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് യേശുവുമായി ഒന്നിക്കുന്നതിലൂടെ.

## പ്രാർത്ഥന

സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന് പഠിപ്പിച്ച സ്നേഹനാഥാ, ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ മക്കളാകാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ.

## ചോദ്യങ്ങൾ

1. മനുഷ്യസൃഷ്ടിയുടെ ലക്ഷ്യവും മഹത്വവും എന്ത്?
2. ദൈവരാജ്യം അനുഭവിക്കുന്നത് പ്രധാനമായും കുടുംബത്തിലാണ്. വിശദമാക്കുക
3. മാനുഷിക സുകൃതങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെ?
4. ക്രിസ്തീയ ധാർമ്മികതയുടെ അടിസ്ഥാനമായ പുണ്യങ്ങൾ ഏതെല്ലാം?
5. ദൈവരാജ്യത്തിന്റെ 4 മാനങ്ങൾ ഏതെല്ലാം?